DESPATCHED 16/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 737*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15803**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. എസ്.സദാനന്ദ നായിക്,**
**18/733, ആലുങ്കൽ ഹൗസ്,**
**പള്ളുരുത്തി,**
**കൊച്ചി – 682 006.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**സോണൽ ഓഫീസ്, ഫോർട്ട് കൊച്ചി,**
**കൊച്ചിൻ കോർപ്പറേഷൻ,**
**എറണാകുളം – 682 001.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.08.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.11. 2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.12. 2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എസ്.സദാനന്ദ നായിക്, 29.11.2022ന് സമർപ്പിച്ച പരാതി ഹർജി 02.12.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.737(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 04.08.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 18717 നമ്പർ രസീത് തീയതി 27.04.2018 നമ്പർ പ്രകാരമുള്ള പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും

2) നാളിതുവരെയായിട്ടും നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ പരാതി നിരസിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും

3) 004356 നമ്പർ രസീത്, തീയതി 14.08.2018 രസീത് നമ്പർ പ്രകാരം സ്വീകരിച്ച വിവരാവകാശ അപേക്ഷ ടി കാര്യാലയത്തിലേയ്ക്ക് കൈമാറി ലഭിച്ച തീയതി ലഭ്യമാക്കണമെന്നും

4) ടി വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. എതിർകക്ഷി 11.01.2023ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കൊച്ചി നഗരസഭ 23-ാം ഡിവിഷനിലെ മാനാശ്ശേരി ഫിഷർമെന്റ് കോളനിയ്ക്ക് കിഴക്കു ഭാഗത്തുകൂടി കടന്നു പോകുന്ന കാന വൃത്തിയാക്കുന്നതു സംബന്ധിച്ച് മുണ്ടം വേലി ലേബേഴ്സ് നഗർ റസിഡന്റ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ.സി.എ.ജേക്കബ് എന്ന വ്യക്തി 27.04.2018ൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച നടപടികളെ കുറിച്ച് വിവരങ്ങൾ ലഭ്യമാകുന്നതിന് വിവരാവകാശ നിയമപ്രകാരം 18.04.2019ൽ സി.എ.ജേക്കബ് സമർപ്പിച്ച വിവരാവകാശ അപേക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടുള്ളതുമാണെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് ഹീയറിംഗിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന റിപ്പോർട്ട് സമർപ്പിക്കുന്നുവെന്നുമാണ്.

1) കൊച്ചി നഗരസഭ ഓഫീസിൽ സമർപ്പിച്ച മേൽപ്പടി വിവരാവകാശ അപേക്ഷയിലെ വിവരങ്ങൾ ലഭിക്കുന്നതിന് 06.11.2020ൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന് 04.12.2020ൽ മറുപടി നൽകിയിട്ടുള്ളതാണ്.

2) ബഹു.സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 08.01.2021ൽ ടിയാൻ സെക്ഷൻ 18(1) പ്രകാരം പരാതി സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 18.02.2021ൽ ബഹു.കമ്മീഷന്റെ ഓഫീസിൽ നിന്നും കത്ത് ലഭിച്ചിട്ടുള്ളതും ടി കത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരാവകാശ അപേക്ഷയുടെ മറുപടി 24.03.2021ൽ നൽകി പകർപ്പ് 24.03.2021ൽ കമ്മീഷന്റെ ഓഫീസിലേക്ക് നൽകിയിട്ടുള്ളതാണ്.

3) തുടർന്നും ഇതേ വിഷയത്തിൽ തന്നെ വിവരാവകാശ അപേക്ഷ 04.05.2021ൽ സമർപ്പിക്കുകയും ആയതിന് 25.06.2021ൽ അപേക്ഷകന് മറുപടി അയച്ചു നൽകിയിട്ടു ള്ളതുമാണ്.

4) കമ്മീഷൻ മുമ്പാകെ സെക്ഷൻ 18(1) പ്രകാരം സമർപ്പിച്ച പരാതിയുടെ അടി സ്ഥാനത്തിൽ 29.07.2021ൽ ഓൺലൈനായി ഹിയറിംഗ് നടത്തുകയും കമ്മീഷൻ നിർദ്ദേ ശിച്ചതു പ്രകാരം ടിയാൻ അപേക്ഷകളുടെ പകർപ്പുകൾ അയച്ചു നൽകുകയും ആയ തിന്റെ അടിസ്ഥാനത്തിൽ 13.09.2021ൽ ശ്രീ.ജേക്കബ് സമർപ്പിച്ച പരാതിക്ക് ടിയാന് മറു പടി അയച്ചു നൽകിയിട്ടുള്ളതും ജേക്കബിന് അയച്ചു നൽകിയ മറുപടിയുടെ പകർപ്പ് ഹർജിക്കാരനും അയച്ചു നൽകിയിട്ടുണ്ട്.

5) തുടർന്ന് കമ്മീഷന്റെ 17.09.2021 തീയിതിയിലെ 584/SIC-Gen6/2021 നമ്പറായി കത്ത് ലഭിക്കുകയും ആയതിന് 28.10.2021ൽ ജോയിന്റ്സെക്രട്ടറി(ഫിനാൻസ്) സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം, പുന്നൻ റോഡ്, തിരുവനന്തപുരം എന്ന വിലാസ ത്തിൽ മറുപടി നൽകിയിട്ടുണ്ട്.

6) ബഹു.കമ്മീഷന്റെ 02.11.2021ലെ 12102/SIC/G2/2021 നമ്പരായി ലഭിച്ച കത്തിന് 25.11.2021ൽ അഡീഷണൽ സെക്രട്ടറി(ലോ) ലീഗൽ എക്സ്പെർട്ട്, സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം, പുന്നൻ റോഡ്, തിരുവനന്തപുരം എന്ന വിലാസ ത്തിൽ മറുപടി നൽകിയിട്ടുണ്ട്.

7) കമ്മീഷന്റെ 584/SIC-Gen6/2021 നമ്പറായി 18.10.2022 തീയിതയിൽ എറണാ കുളം ഗസ്റ്റ് ഹൗസിൽ വച്ച് ഹീയറിംഗ് നടക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26.10.2022ൽ ഹർജിക്കാരന് മറുപടി നൽകുകയും ആയതിന്റെ പകർപ്പ് 02.11.2022ന് കമ്മീഷൻ മുമ്പാകെ അയച്ചു നൽകിയിട്ടുണ്ട്.

8) ബഹു.കമ്മീഷന്റെ 584/SIC-Gen6/2021 നമ്പർ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ വിവരാവകാശ അപേക്ഷ യുടെ മറുപടിയിൽ രേഖപ്പെടുത്തി നൽകി വരുന്നുവെന്നും ടി മേൽ വിവരങ്ങൾ പരി ഗണിച്ച് അനുകൂല തീരുമാനം നൽകുന്നതിനായി അപേക്ഷിക്കുന്നുവെന്നുമാണ്.

5. 14.02.2023 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ 04.08.2022ലെ

അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 മാർച്ച് 08-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/